**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2148** **05-02-2026-ൽ മറുപടിയ്ക്ക്**

**കേരള അഗ്നിരക്ഷാ സേന വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിയ്ക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ്/മോഡൽ, വാങ്ങിയ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** 15 കോടി രൂപ വിലവരുന്ന ഒരെണ്ണം Bronto Skylift model F 60 RLX എന്ന മോഡൽ ഏരിയൽ ലാഡർ പ്ലാറ്റ് ഫോം സപ്ലൈ ചെയ്യുന്നതിനായി M/s. BRONTO SKYLIFT OY AB എന്ന സ്ഥാപനത്തിന് 26.03.2025 ൽ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവ് ആരായിരുന്നുവെന്നും കമ്പനിയുടെ പേര്, ആസ്ഥാനം, വിതരണക്കാരന് ഔദ്യോഗിക ഡീലർഷിപ്പ്/ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

**മറുപടി:** FINLAND ആസ്ഥാനമായുള്ള M/s. BRONTO SKYLIFT OY AB, TEERIVUORENKATU 28, FI-33300 TAMPERE, FINLAND എന്ന സ്ഥാപനം തന്നെയാണ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവ് (OEM).

**(സി)** പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ മൊത്തം എത്ര ബിഡ്ഡർമാർ പങ്കെടുത്തുവെന്നും അതിൽ സാങ്കേതികമായി യോഗ്യത നേടിയ ബിഡ്ഡർമാരുടെ എണ്ണം എത്രയെന്നും അയോഗ്യരാക്കിയ ബിഡ്ഡർമാർ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും വിശദമാക്കാമോ;

**മറുപടി:** രണ്ടു ബിഡഡ്ഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡ്ഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**(ഡി)** പ്രസ്തുത ടെണ്ടറിൽ ബ്രോൻഡോ സ്കൈലിഫ്റ്റ്, ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ / പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാർ പങ്കെടുത്തുവെന്നും അവരിൽ എല്ലാവരും സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ, ഒഴിവാക്കിയ ബിഡുകളുടെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** രണ്ടു ബിഡ്ഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡ്ഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**<u>(ഇ)</u>** നിലവിലുള്ള സർക്കാർ വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, സഹകരണ / പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ഒരു ഒറിജിനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവിനെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ;

**<u>മറുപടി:</u>** സ്റ്റോർ പർച്ചേസ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ, ഒരു ഒ.ഇ.എം. (ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമല്ലെന്ന് പ്രസ്താവിക്കുന്ന പ്രത്യേകമായ വ്യവസ്ഥകളോ നിബന്ധനകളോ നിലവിലില്ല.

**(എഫ്)** അനുവദനീയമാണെങ്കിൽ അതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ് / ചട്ടം പ്രതിപാദിക്കുമോ; അനുവദനീയമല്ലെങ്കിൽ ഈ വാങ്ങൽ നടപടിയിൽ ഏതെങ്കിലും ഇളവ് / ഒഴിവാക്കൽ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ബാധകമല്ല.

**സെക്ഷൻ ഓഫീസർ**